**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- രാമനാട്ടുകര നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. രാജേഷ് കുമാർ എം.പി- മുനിസിപ്പൽ കോമൺ സർവ്വീസിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് ഓപ്ഷന് വിധേയമായി അബ്സോർബ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2181/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 04.10.2019

പരാമർശം : 1. 25.04.2015 തീയതിയിലെ സ.ഉ(സാധാ)നം.1240/2015/തസ്വഭവ

2. ശ്രീ. രാജേഷ് കുമാർ എം.പി സമർപ്പിച്ച 12.07.2018 തീയതിയിലെ അപേക്ഷ.

3. പഞ്ചായത്ത് ഡയറക്ടറുടെ 02.11.2018 തിയതിയിലെ പിഎഎൻ/23336/2018-E14(ഡിപി)നമ്പർ കത്ത്.

4. നഗരകാര്യ ഡയറക്ടറുടെ 31.05.2019 തിയതിയിലെ ഇ 5- 5531/19 നമ്പർ കത്ത്.

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിലെ സമാനതസ്തികയായ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് അബ്സോർബ് ചെയ്യുന്നതിലേയ്ക്ക് രാമനാട്ടുകര നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. രാജേഷ് കുമാർ എം.പി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3 റിപ്പോർട്ട് പ്രകാരം. പഞ്ചായത്തുകൾ നഗരസഭകളായി പരിവർത്തനപ്പെടുത്തിയതിന്റെയും നഗരസഭയുമായി കൂട്ടിച്ചേർത്തതിന്റേയും അടിസ്ഥാനത്തിൽ നഗരസഭകളിൽ സേവനത്തിൽ തുടർന്ന് വരുന്ന സാനിറ്ററി ഇൻസ്പെക്ടർമാരെ അവരുടെ ഓപ്ഷന് വിധേയമായി മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് സ്വീകരിക്കുവാൻ പരാമർശം 1 ഉത്തരവ് പ്രകാരം വ്യവസ്ഥയുണ്ടെന്നും, രാമനാട്ടുകര പഞ്ചായത്ത്, നഗരസഭയായി പരിവർത്തനം ചെയ്തപ്പോൾ ടി പഞ്ചായത്തിൽ ജോലി നോക്കിയിരുന്ന സാനിട്ടറി ഇൻസ്പെക്ടർ (ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II) ശ്രീ രാജേഷ്കുമാർ എം.പി. ഉപാധികളോടെ മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് ഓപ്ഷൻ നൽകിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ രാമനാട്ടുകര നഗരസഭയിലെ സാനിട്ടറി ഇൻസ്പെക്ടർ (പുന:നാമകരണം ചെയ്ത ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II, ശമ്പള സ്കെയിൽ 22,200-48,000) ശ്രീ രാജേഷ് കുമാറിനെ ടിയാന്റെ പഞ്ചായത്ത് സർവ്വീസ് നിലനിൽത്തി മുനിസിപ്പൽ കോമൺ സർവ്വീസിലെ സമാന തസ്തികയായ (ശമ്പള സ്കെയിൽ 22,200-48,000/- രൂപ) രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക്

അ ബ്സോർബ് ചെയ്യുന്നതിന് ടിയാന് സമ്മതമാണെന്നുള്ള സത്യവാങ്മൂലം ഹാജരാക്കിയിട്ടുതായും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ആയതിനാൽ ശ്രീ രാജേഷ് കുമാറിന്റെ പഞ്ചായത്ത് സർവ്വീസ് നിലനിർത്തി ടിയാന്റെ പഞ്ചായത്ത് വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II തസ്തികയ്ക്ക് സമാനമായ ശമ്പള സ്കെയിലിലുള്ള മുനിസിപ്പൽ കോമൺ സർവ്വീസിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് അ ബ്സോർബ് ചെയ്യാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ രാമനാട്ടുകര നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. രാജേഷ് കുമാർ എം.പി-യെ പഞ്ചായത്ത് വകുപ്പിലെ ടിയാന്റെ സമാനതസ്തികയായ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് പരാമർശം 1 ഉത്തരവ് പ്രകാരം, ടിയാൻ സമർപ്പിച്ച ഓപ്ഷന് വിധേയമായും, അ ബ്സോർപ്ഷന് മുൻകാലപ്രാബല്യം ഉണ്ടായിരിക്കുന്നതല്ലായെന്ന വ്യവസ്ഥയിൽ, അ ബ്സോർബ് ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം.)

**രമണി മാത്യൂ**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീ. രാജേഷ് കുമാർ എം.പി, ഹെൽത്ത് ഇൻസ്പെക്ടർ, രാമനാട്ടുകര നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, രാമനാട്ടുകര നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ